**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2791 07.12.2018-ൽ മറുപടിയ്ക്ക്

**സാംസ്കാരിക വകുപ്പിലെ നിയമനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ:** | **ശ്രീ. എ. കെ. ബാലൻ**<br>**പട്ടിക ജാതി പട്ടികവർഗ്ഗ**<br>**പിന്നോക്ക സമുദായ ക്ഷേമവും നിയമവും**<br>**സാംസ്കാരികവും പാർലമെന്ററികാര്യവും**<br>**വകുപ്പ മന്ത്രി** |
| എ) സാംസ്കാരിക വകുപ്പിന്റെ കീഴിൽ എത്ര സ്ഥാപനങ്ങളിലെ നിയമനങ്ങൾ ഇനിയും പി.എസ്.സി.യ്ക്ക് വിടുവാൻ ഉണ്ട്; വ്യക്തമാക്കുമോ; | എ) സാംസ്കാരികകാര്യ വകുപ്പിന് കീഴിൽ വാസ്തുവിദ്യാ ഗുരുകുലം - ആറന്മുള, കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല, കേരള ലളിതകലാ അക്കാദമി, കേരള സംഗീത നാടക അക്കാദമി, ഭാരത് ഭവൻ, ഗുരു ഗോപിനാഥ് നടനഗ്രാമം, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള ഫോക് ലോർ അക്കാദമി, കേരള സ്റ്റേറ്റ് ജവഹർ ബാലഭവനുകൾ, കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്, മലയാളം മിഷൻ എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിട്ടിട്ടില്ല. |
| ബി) ഇതിൽ എത്ര സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടുണ്ട്; വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കിയ സ്ഥാപനങ്ങളിൽ നിയമനം പി.എസ്.സി.ക്ക് വിടുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | ബി) ടി സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടില്ല. |
| സി) നിലവിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ ഉള്ള ആകെ ഒഴിവുകൾ എത്രയെന്ന് അറിയിക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ സ്ഥാപനങ്ങളിൽ നടത്തിയ നിയമനങ്ങൾ എത്ര; വ്യക്തമാക്കുമോ? | സി) വിവരം ശേഖരിച്ച് നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**